ജിക്കും ജാക്കും മാന്ത്രികമേശയും – 2

പുനരാഖ്യാനം: **എം കുഞ്ഞാപ്പ**

# ഗോൺസാലൊ

ഇൗ സമയം ജാനറ്റ് വഴിതെറ്റി കാട്ടിലൂടെ അലയുകയായിരുന്നു. നടന്നുചെല്ലുന്ന ഓരോ വഴികളും അവൾക്കു മുന്നിൽ അടഞ്ഞുകിടന്നു. ഒടുവിൽ കാടാകെ ഇരുട്ടിൽ മൂടിത്തുടങ്ങി. പടർന്നുകിടക്കുന്ന മരങ്ങളും വള്ളിപ്പടർപ്പുകളുമുള്ളതിനാൽ കാട്ടിൽ വേഗം ഇരുട്ടു മൂടും.

ഇലകൾക്കിടയിലൂടെ ഊർന്നുവരുന്ന വെളിച്ചം കൂടി ഇല്ലാതായാൽ പിന്നെ കട്ടപിടിച്ച ഇരുട്ടായിരിക്കും. കുട്ടികൾ വീട്ടിൽ ഒറ്റക്കാണല്ലോ എന്നോർത്തപ്പോൾ അവൾ കൂടുതൽ അസ്വസ്ഥയായി. അവൾ വിറകും തേൻകൂടയും ഉപേക്ഷിച്ച് കാട്ടിൽ ഓടിനടന്നു.

ആ കാട്ടിൽ ദുഷ്ടനായ ഒരു മാന്ത്രികനുണ്ടായിരുന്നു. ഗോൺസാലൊ. ക്രൂരമായ ഒരു വിനോദമുണ്ടായിരുന്നു അയാൾക്ക്. കാട്ടിനകത്തേക്കു പ്രവേശിക്കുന്നവരെ പുറത്തു കടക്കാനാവാത്ത വിധം വഴി വളച്ചൊടിച്ചു വെച്ച് അയാൾ കഷ്ടപ്പെടുത്തുമായിരുന്നു.

ആ കാട്ടിൽ ആരു കയറിയാലും കറങ്ങിത്തിരിഞ്ഞ് അയാളുടെ വീടിനു മുന്നിലെത്തിച്ചേരും. പിന്നെ ഒരു വിളക്ക് കത്തിച്ചുവെച്ച് അയാൾ അവരെ ആകർഷിക്കും. കൊടുംകാട്ടിൽ പെട്ട് അലയുന്ന ആർക്കാണ് ഇത്തിരി വെളിച്ചം ആശ്വാസമാവാത്തത്!

“ഹാവൂ... രക്ഷപ്പെട്ടു!”

കാട്ടിനകത്തൊരു വീടു കണ്ടതോടെ ജാനറ്റിന് ആശ്വാസമായി. കൂർത്ത മേൽക്കൂരകളുള്ള ആ വീട് ഇരുട്ടിൽ ഒരു രാക്ഷസനെപ്പോലെ തലയുയർത്തി നിന്നു. കാഴ്ചയിൽ പേടി തോന്നിച്ചെങ്കിലും സഹായം തേടി അവൾ അങ്ങോട്ടു നടന്നു.

“രക്ഷിക്കണേ... ആരുമില്ലേ...”

പലതവണ വിളിച്ചപ്പോൾ വാതിൽ തുറക്കപ്പെട്ടു. തെളിഞ്ഞു കത്തുന്ന റാന്തൽ വിളക്കുമായി മഹാമാന്ത്രികൻ ഗോൺസാലൊ അവൾക്കുമുന്നിൽ പ്രത്യക്ഷപ്പെട്ടു.

വീടിന്റെ മുറ്റത്തു നിൽക്കുന്ന ജാനറ്റിനോട് അയാൾ മധുരമായ ശബ്ദത്തിൽ പറഞ്ഞു:

“കാട്ടിൽ വഴിതെറ്റി, അല്ലേ... സാരമില്ല മോളേ... പേടിക്കേണ്ട. ഭാഗ്യമാണ് നിങ്ങളെ എന്റെ മുന്നിൽ എത്തിച്ചത്. അകത്തേക്കു കയറിക്കോളൂ. പുറത്തു നല്ല തണുപ്പുണ്ട്.”

കാടിനകത്ത് അലഞ്ഞു നടന്നതിനാൽ ജാനറ്റിന് നല്ല ക്ഷീണമുണ്ടായിരുന്നു.





പ്രപഞ്ചത്തിൽ ഏറ്റവും കൂടുതലുള്ള മൂലകം–ഹൈഡ്രജൻ

സത്യത്തിൽ കാട്ടിലെ കൊടും തണുപ്പ് അപ്പോഴാണ് അവൾ അറിയാൻ തുടങ്ങിയത്. അവളുടെ താടികൾ കൂട്ടിയിടിക്കാൻ തുടങ്ങി. ജാനറ്റ് അകത്തേക്കു കയറി.

"ഞാൻ കാടിനകത്ത് പെട്ടുപോയി. എനിക്ക്..."

പറയാൻ തുടങ്ങിയപ്പോൾ അയാൾ ജാനറ്റിനെ തടഞ്ഞു.

"എല്ലാം എനിക്കു മനസ്സിലായി. മോൾക്ക് നല്ല ക്ഷീണമുണ്ട്. ആദ്യം കുറച്ചു സമയം വിശ്രമിക്കൂ. എന്നിട്ടു സംസാരിക്കാം."

കത്തിച്ചുവെച്ച വിറകുകൾക്കു മുന്നിലേക്കാണ് അയാളവളെ നയിച്ചത്.

"ഇനിയീ രാത്രിയിൽ യാത്ര നന്നല്ല.

ഇന്നു രാത്രി എൻെറ അതിഥിയായി സുഖമായി ഇവിടെ കഴിയുക. നാളെ രാവിലെ നിങ്ങളെ ഞാൻ കാടിനു വെളിയിലെത്തിക്കാം."

ഗോൺസാലൊ പറഞ്ഞു.

"പക്ഷേ... എൻെറ കുഞ്ഞുങ്ങൾ..."

അവൾ കരഞ്ഞു.

"സാരമില്ല. അവർക്ക് ഒന്നും സംഭവിക്കില്ല. ഇന്നൊരു രാത്രിയല്ലേ... രാവിലെ വീട്ടിലെത്താം. വേറെ രക്ഷയില്ല."

മാന്ത്രികന്റെ സ്നേഹപ്രകടനത്തിൽ ജാനറ്റിന് സംശയമൊന്നും തോന്നിയില്ല. ആശ്വാസത്തോടെ അവൾ നിൽക്കുമ്പോൾ അയാൾ പറഞ്ഞു:

"വരൂ, നടന്നു ക്ഷീണിച്ചതല്ലേ. വല്ലതും കഴിക്കാം."

ജാനറ്റ് എഴുന്നേറ്റു. നല്ല വിശപ്പുണ്ടായിരുന്നു.

മനോഹരമായ ഭക്ഷണമുറി. വിശാലമായ തീൻമേശ.

"ഇരിക്കൂ..."

ഗോൺസാലൊ പറഞ്ഞു.

ജാനറ്റ് ഇരുന്നു. നിമിഷങ്ങൾക്കകം അവൾക്കു മുന്നിൽ വിശിഷ്ടമായ നിരവധി വിഭവങ്ങൾ നിരന്നു. ഭക്ഷണസാധനങ്ങൾക്കു പുറമെ പലഹാരങ്ങളും പഴച്ചാറുകളും അയാൾ നിരത്തിവെച്ചു.

ഇതൊക്കെ ആരാണ് ഉണ്ടാക്കുന്നതാവോ? വിളമ്പാൻ പോലും സഹായികളെയാരെയും അവൾ കണ്ടില്ല. ഈ വീട്ടിൽ വേറെയാരുമില്ലേ?

"കഴിക്കൂ..."

എന്നുപറഞ്ഞ് ഗോൺസാലൊ അകത്തേക്കു പോയി.



ജാനറ്റ് കൈനീട്ടി ഒരു പലഹാരമെടുത്തു കടിച്ചു. ആദ്യ ഇറക്ക് അകത്തുചെന്നതും അവളുടെ രൂപമാകെ മാറാൻ തുടങ്ങി. ദേഹത്ത് തൂവലുകളും ചിറകുകളും മുളച്ചു. നിമിഷങ്ങൾക്കകം ജാനറ്റ് ഒരു പക്ഷിയായി രൂപാന്തരപ്പെട്ടു.

മാന്ത്രിക മേശയിൽ കയറിയിരുന്ന് അവൾ തലതല്ലി കരഞ്ഞു. അപ്പോൾ പൊട്ടിച്ചിരിച്ചു കൊണ്ട് മാന്ത്രികൻ പ്രത്യക്ഷപ്പെട്ടു.

"ഹഹഹഹ! എൻെറ ശേഖരത്തിലേക്ക് ഒരു സുന്ദരിപ്പക്ഷി കൂടി..."

അയാൾ ജാനറ്റിനെ കൈനീട്ടിപ്പിടിച്ചു. അവൾ ചിറകടിച്ചു കരഞ്ഞുകൊണ്ടിരുന്നു. ഒരു വലിയ കൂടിൻെറ കുഞ്ഞു വാതിൽ തുറന്ന് അയാളവളെ അകത്തേക്കിട്ടു. ആ കൂട്ടിൽ ഇങ്ങനെ ധാരാളം കിളികളുണ്ടായിരുന്നു. അങ്ങനെ നിരവധി കൂടുകളുണ്ടായിരുന്നു. ആ കൂടുകളിലെല്ലാം വഴിതെറ്റിയലഞ്ഞ് കാട്ടിലകപ്പെട്ട് ചതിയിൽപ്പെട്ട മനുഷ്യക്കിളികളുണ്ടായിരുന്നു. സ്വന്തം വിധിയിൽ വിലപിച്ച് കഴിയുന്ന ആ കിളികൾക്കിടയിൽ കിടന്ന് ജാനറ്റ് കരഞ്ഞു, ജിക്കിനെയും ജാക്കിനെയുമോർത്ത്.

"പാവം... എൻെറ കുട്ടികൾ ഒറ്റക്കായല്ലോ!"

(തുടരും)